കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ലയിലെ കൈനകരി ഗ്രാമപഞ്ചായത്തിന്റെ 2006-07 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-14 പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ 48,000/-രൂപയുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ (സാധാ) നം.2212/2016/തസ്വഭവ. തിരുവനന്തപുരം, തീയതി:22/07/2016

---

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 03/10/2015-ലെ 32510/2015 നമ്പർ കത്ത്.

2) സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 15/02/2016 ലെ കെ.എസ്.എ 14107/പിറ്റി 1/15 നമ്പർ15/02/2016-ലെ കത്ത്.

## ഉത്തരവ്

ആലപ്പുഴ ജില്ലയിലെ കൈനക്കരി ഗ്രാമപഞ്ചായത്തിന്റെ 2006-2007 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-14 പ്രകാരം സർക്കാർ ഉത്തരവിന് വിരുദ്ധമായി, ലക്ഷംവീടുകളുടെ പുനരുദ്ധാരണത്തിനായി, വികസനഫണ്ടിൽ നിന്നും അധികമായി ചെലവ് ചെയ്ത 48,000/-രൂപ (നാൽപത്തിയെട്ടായിരം രൂപ മാത്രം) ആഡിറ്റ് തടസ്സപ്പെടുത്തിയിരുന്നു.

ടി വിഷയത്തിൽ സർക്കാർ സാധൂകരണം നൽകുന്നതിനായി 26/06/2015 ലെ IX(2)ാം നമ്പർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം,ആഡിറ്റ് പരാമർശത്തിന്റെ പകർപ്പ് , ജില്ലാതലആഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ ശുപാർശ എന്നിവ സഹിതം പരാമർശം(1)പ്രകാരം പഞ്ചായത്ത് ഡയറക്ടർ മുഖേന ഗ്രാമപഞ്ചായത്ത് സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്ന ചെലവു ചെയ്യാനുണ്ടായ സാഹചര്യം പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

ടി വിഷയത്തിൽ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ പരാമർശം(2)പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ ഖണ്ഡിക 3-14 ൽ പരാമർശിക്കുന്ന ചെലവിന് പഞ്ചായത്തിന്റെ വിശദീകരണത്തിന്റെയും ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ ശുപാർശയുടെയും പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശയുടെയും അടിസ്ഥാനത്തിൽ, സർക്കാർ സാധൂകരണം നല്കുന്ന വിഷയത്തിൽ സർക്കാരിന് യുക്തമായ തീരുമാനം എടുക്കാവുന്നതാണ് എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്ത് ഫണ്ടിൽ നിന്നും അധികതുക ചെലവു ചെയ്യാനുണ്ടായ സാഹചര്യം പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്ആയതിനാൽ പഞ്ചായത്തിന്റെ വിശദീകരണം, ജില്ലാതല ആഡിറ്റ്

മോണിറ്ററിംഗ് സമിതി ശുപാർശ , പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശ എന്നിവയുടെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിലെ കൈനക്കരി ഗ്രാമപഞ്ചായത്തിന്റെ 2006-2007 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-14 പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ 48,000/-രൂപയ്ക്ക് (നാൽപത്തി എട്ടായിരം രൂപ മാത്രം) സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ഷിബു. എ.ടി,

അണ്ടർ സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയക്ടർ, ആലപ്പുഴ
സെക്രട്ടറി, കൈനകരി ഗ്രാമപഞ്ചായത്ത്, ആലപ്പുഴ
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വെബ്&ന്യൂ മീഡിയ,പബ്ലിക് റിലേഷൻ വകുപ്പ്(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ